# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6382 — 03/04/2018 ൽ മറുപടിയ്ക്ക്

### തീരദേശത്ത് വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി

ചോദ്യം — ഉത്തരം

ശ്രീ. ആർ.രാമചന്ദ്രൻ

അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | തീരദേശസംരക്ഷണ നിയമപ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവച്ച് സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ സാമൂഹ്യവനവത്കരണ പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ; | എ | സർക്കാർ ഭൂമി ബന്ധപ്പെട്ട വകുപ്പുകൾ സാമൂഹ്യവനവത്ക്കരണ വിഭാഗത്തിനെ ഏൽപ്പിക്കുകയും ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് ഈ പ്രദേശത്ത് വൃക്ഷത്തൈകൾ വച്ച് ഹരിതാഭമാക്കുന്നതിന് സാമൂഹ്യ വനവത്ക്കരണ വിഭാഗത്തിന് സാധിക്കുന്നതാണ്. ഇതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിചയവും സാമൂഹ്യവനവത്ക്കരണ വിഭാഗത്തിൽ ലഭ്യമാണ്. |
| ബി | ഇതിലേക്കായി തീരദേശത്ത് സമൃദ്ധമായി വളരുന്ന ഇനങ്ങളിൽപ്പെട്ട വൃക്ഷത്തൈകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി | കേരളത്തിന്റെ തീരത്ത് കാറ്റാടി, പൂവരശ്, ബദാം, ഉങ്ങ്, പുന്ന മുതലായ വൃക്ഷങ്ങൾ നന്നായി വളരും. കൂടാതെ പ്ലാവ്, മാവ്, ആഞ്ഞിലി, തേക്ക്, മഹാഗണി തുടങ്ങിയ വൃക്ഷങ്ങളും ഈ പ്രദേശത്ത് നട്ടു പരിപാലിക്കുവാൻ സാധിക്കുന്നതാണ്. |
| സി | കടലാക്രമണത്തെ ചെറുക്കുന്നതിനും കടൽത്തീരം മനോഹരമാക്കുന്നതിനും വേണ്ടി ഇതര വകുപ്പുകളുടെ സഹായം ഇതിനായി സ്വീകരിക്കുമോ ;വിശദമാക്കുമോ? | സി | തീര പ്രദേശത്ത് സുനാമി പുനരധിവാസ പദ്ധതിയിൻ കീഴിലും കാലാകാലങ്ങളായി വച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങൾ കടലാക്രമണത്തെ ശക്തമായി ചെറുക്കുന്നുണ്ട്. പഞ്ചായത്ത്, ഫിഷറീസ്, റവന്യു തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടുകൂടി കടൽത്തീരം മനോഹരമാക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ